# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 27 — 03.02.2020 ൽ മറുപടിക്ക്

### നവോത്ഥാനമൂല്യങ്ങളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്. ശിവകുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നവോത്ഥാനമൂല്യങ്ങൾ തകർക്കുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നതായി വിലയിരുത്തുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നവോത്ഥാനപ്രസ്ഥാനങ്ങൾ ഇല്ലായ്മ ചെയ്ത ഏതൊക്കെ ദുരാചാരങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾ തിരികെ കൊണ്ടുവരുവാൻ ശ്രമിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സാഹോദര്യം, മാനവികത, മതനിരപേക്ഷത തുടങ്ങിയ മൂല്യങ്ങൾ രാഷ്ട്രീയ നേട്ടങ്ങൾക്കായി അട്ടിമറിക്കുവാനും പൊയ്പോയ കാലത്തെ ജാതി അധിഷ്ഠിത വ്യവസ്ഥ പുന:സ്ഥാപിക്കുവാനും വേണ്ടി ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നവോത്ഥാനസംരക്ഷണത്തിനായി സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ? | (സി) | നവോത്ഥാന ആശയങ്ങളോട് യോജിക്കുന്ന എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി നവോത്ഥാന സംരക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ട ആവശ്യകത സംബന്ധിച്ച് കേരളീയ പൊതു സമൂഹത്തിൽ ഒരു അവബോധം വളർത്തിയെടുക്കാൻ ഇതുവരെയുള്ള പ്രവർത്തനം കൊണ്ട് സമിതിക്ക് സാധിച്ചിട്ടുണ്ട്.<br>നവോത്ഥാനം എന്നത് ഒരു നിരന്തര പ്രക്രിയയാണ്. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്ന കാലം വരെ നവോത്ഥാന മൂല്യ സംരക്ഷണ സമിതിക്ക് പ്രാധാന്യം ഉണ്ട്. സമിതിക്ക് ഇതിനകം തന്നെ കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ നല്ല സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ